# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

2019 നവംബർ 8-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ**
**സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും**
**സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും**

1163/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി XIV
## (ആഭ്യന്തര കാര്യങ്ങൾ)
## (2019-2021)

### ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

**പ്രത്യേക ക്ഷണിതാവ് :**

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

**അംഗങ്ങൾ :**

ശ്രീ. വി. എസ്. അച്യുതാനന്ദൻ

ശ്രീ. ജെയിംസ് മാത്യു

ഡോ. എം. കെ. മുനീർ

ശ്രീ. സി. കെ. നാണു

ശ്രീ. ഉമ്മൻ ചാണ്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. രാജു എബ്രഹാം

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

ആഭ്യന്തർകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ (ബിൽ നമ്പർ 230), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ, 2019 ഒക്ടോബർ 28-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 ഒക്ടോബർ 30-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി അയയ്ക്കുകയും ചെയ്തു.

3. 2019 നവംബർ 7-ാം തീയതി സമിതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

പിണറായി വിജയൻ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2019 നവംബർ 7.

അനുബന്ധം I

## 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി)

## ബില്ലിനുള്ള വിയോജനക്കുറിപ്പ്

പ്രവാസി കേരളീയരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും, ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും, സർക്കാർ വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്ന പദ്ധതിയാണ് ഇത്. ഓരോ അംഗവും നിക്ഷേപിച്ച തുകയ്ക്ക് ആദ്യത്തെ മൂന്ന് വർഷങ്ങൾ കൊണ്ട് അതിനോട് ചേരുന്നതുമായ ഡിവിഡന്റ് ഉൾപ്പെടെ തുകയുടെ 10 ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ് അംഗത്തിന്റെ ജീവിതകാലം മുഴുവൻ പ്രതിമാസം നൽകുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നിക്ഷേപം സ്വീകരിക്കുന്ന കിഫ്ബി/മറ്റ് സർക്കാർ നിക്ഷേപിക്കുന്ന സ്ഥാപനങ്ങൾ എന്നിവയ്ക്ക് എത്ര ശതമാനം ഡിവിഡന്റ് നൽകുവാൻ കഴിയുമെന്ന് ഉറപ്പ് നൽകാതിരിക്കുകയും, എന്നാൽ സർക്കാർ വിഹിതം ഒരു ശതമാനത്തിൽ തന്നെ പരിമിതപ്പെടുത്തുകയും ചെയ്യുന്നത് പ്രവാസികൾക്ക് ഭാവിയിൽ ദോഷകരമാകുവാൻ സാധ്യതയുണ്ട്. ഭാവിയിൽ കിഫ്ബി നൽകുന്ന ഡിവിഡന്റിൽ കുറവ് വന്നാൽ പ്രസ്തുത കുറവ് സർക്കാർ പൂർണ്ണമായും നികത്തുമെന്ന ഉറപ്പ് ബില്ലിൽ നൽകിയിട്ടില്ല. പ്രസ്തുത നിബന്ധന ബില്ലിൽ തന്നെ ഉൾക്കൊള്ളിക്കാത്തതിനാൽ ഈ ഭേദഗതി നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഡോ. എം. കെ. മുനീർ (ഒപ്പ്)

1163/2019.

അനുബന്ധം II

# 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് (2009-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാകുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 22-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജിഎ) "ഡിവിഡന്റ്" എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന തുകയ്ക്ക് നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി നിക്ഷേപകന് നൽകുന്ന ലാഭവിഹിതം എന്നർത്ഥമാകുന്നു;";

(ii) (എം) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എംഎ) "പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി" എന്നാൽ ആക്റ്റിലെ 8 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി എന്നർത്ഥമാകുന്നു;".

3. 8 എ. എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിനു ശേഷം താഴെപറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8 എ. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി.—പ്രവാസി കേരളീയരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്തുകൊണ്ട് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്ന പദ്ധതി സർക്കാരിന് രൂപീകരിക്കാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന പദ്ധതിയുടെ നടത്തിപ്പിന് വേണ്ടിയും പ്രവാസി കേരളീയരുടെ മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടിയും 14-ാം വകുപ്പ് പ്രകാരമുള്ള സ്ഥാപനങ്ങൾ ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ രൂപീകരിക്കാവുന്നതാണ്.".

4. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ "സഹകരണ സംഘങ്ങളുടെയും," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ (1955-ലെ XII-ാം ആക്റ്റ്) കീഴിലുള്ള സംഘങ്ങളുടെയും," എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ 7.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*